കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# വാമനപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-17**

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

**e-mail : lfadtvm@yahoo.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി . 10/1698 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി 9.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാമനപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാമനപുരം ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി . 10/1698 /17

തീയതി: 9.8.2017

<u>തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം**-** വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ജമാലുദ്ദീൻ.എ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15.5.2017മുതൽ 23.05.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.നിസാമുദ്ദീൻ.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്യാമപ്രിയ.എസ്.എസ് (ഓഡിറ്റർ സീ.ഗ്രേഡ്)
ശ്രീ.സുജേഷ്.എസ് ഓഡിറ്റർ (ഓഡിറ്റർ സീ.ഗ്രേഡ്)
ശ്രീമതി.ശാലിനി.വി.കെ (ഓഡിറ്റർ സീ.ഗ്രേഡ്)

ശ്രീമതി.അനിഷ.എസ് .ബി (ഓഡിറ്റർ സീ.ഗ്രേഡ്)

**(**ബി**)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ദേവദാസ് | 01.04.2016മുതൽ31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.സി.എസ്.ലതിക | 01.04.2016മുതൽ ..14.11.16. വരെ |

| | | |
|---|---|---|
| | ശ്രീമതി. സൈമ. എസ് | 14.11.16...മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഹാജിറാ ബീവി | 01.04.2016മുതൽ 31.5.2016 വരെ |
| | ശ്രീ. അനിതകുമാർ | 1.6.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ. | ശ്രീ.ജ്യോതിസ്.എസ് | 01.04.2016മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീ.ഷാജി.എസ് | 01.04.2016 മുതൽ 31.8.2016 വരെ |
| | ശ്രീ.സുബി. | 1.9.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ, | വി.എസ്.അശോക് | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൈജു.എ.വി | 01.04.2016 മുതൽ29.9.2016 വരെ |
| | ഡോ.അജിത് | 30.9.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.സുജ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.രേഖ വർഗ്ഗീസ്<br>ഡോ.മേരിക്കുട്ടി<br>ഡോ.ആൻസി<br>ഡോ.അനുരൂപ് | 01.04.2016 മുതൽ 17.11.16 വരെ<br>17.11.2016 മുതൽ 16.2.2016 വരെ<br>17.2.2016മുതൽ 26.2.2016വരെ<br>27.2.17മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് | ലൗലി.ആർ | 01.04.2016മുതൽ 31.03.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |

| | | | |
|---|---|---|---|
| | ഭാഗം **2** | | |
| 12 | വസ്തു നികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2.1 | |
| 13 | ലേലം- അപാകതകൾ | 2.2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സുകളുടെയും മാർക്കറ്റ് സ്റ്റാളുകളുടെയും വാടക | 2.3 | |
| 15 | വാറ്റ്, വനവികസന നികുതി സർക്കാരിലേക്ക് അടവാക്കേണ്ടതണ് | 2.4 | |
| 16 | സേവന നികുതി | 2.5 | |
| 17 | ഡി & ഒ ലൈസൻസ് | 2.6 | |
| 18 | തൊഴിൽ നികുതി | 2.7 | |
| 19 | പരസ്യ നികുതി | 2.8 | |
| | ഭാഗം **3** | | |
| 20 | പെർഫോമൻസ് സെക്യൂരിറ്റി ഗ്യാരന്റി ഈടാക്കിയതിൽ 119213 രൂപയുടെ കുറവ് :സർവ്വീസ് ടാക്സ് അടയ്ക്കാതെ ബിൽ തുക അനുവദിച്ചു. | 3.1 | |
| 21 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതികൾ കുറവ് ചെയ്തില്ല-ഓഡിറ്റ് നിർദ്ദേശം പാലിച്ച് അധികം പിൻവലിച്ച തുക തിരിച്ചടച്ചു. | 3.2 | |
| 22 | എസ്.എസ്.എ വിഹിതം -തുക തടസ്സപ്പെടുത്തുന്നു. | 3.3 | |
| 23 | പിൻവലിച്ച മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3.4 | |
| 24 | വിവിധ പ്രോജക്റ്റുകൾ–രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3.5 | |
| 25 | വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു | 3.6 | |
| 26 | 896100 രൂപ ചെലവഴിച്ച് വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല | 3.7 | |
| 27 | അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ–മുഴുവൻ സാധനങ്ങളും ലഭിക്കുന്നതിന് മുൻപ് തുക നൽകി | 3.8 | |
| 28 | ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ടിൽ മാറ്റം വരുത്തി നിർവ്വഹണം നടത്തി | 3.9 | |
| 29 | ബി.പി. എൽ കാർഡുടമകൾക്ക് ഇൻസെൻറീവ് വിതരണം- വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചിട്ടില്ല | 3.10 | |
| 30 | കുടി വെള്ള പദ്ധതികൾ -കാര്യക്ഷമമല്ല | 3.11 | |
| 31 | ജനറൽ കമ്മിറ്റി മിനിട്സ്- തീരുമാനങ്ങളിൽ തുടർ നടപടിയില്ല | 3.12 | |
| 32 | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 3.13 | |
| 33 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 3.14 | |
| 34 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി- അവലോകനം | 3.15 | |
| 35 | തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 3.16 | |
| | ഭാഗം **4** | | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(ഉണ്ടെങ്കിൽ) | 4.1 | |

| | | | |
|---|---|---|---|
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(ഉണ്ടെങ്കിൽ) | 4.3 | |
| 39 | വായ്പ വായ്പ തിരിച്ചടവ് | 4.4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 41 | ഓഡിറ്റ് റിക്കവറി | 4.6 | |
| 42 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

<u>പൊതു അവലോകനം</u>

പദ്ധതികൾ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തനതു ഫണ്ടിൽ ആവശ്യത്തിന് തുക ഉണ്ടായിരിക്കെ വൈദ്യുത ബിൽ, വെള്ളക്കരം എന്നിവയിൽ പിഴ അടവാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇഫയലിംഗ് നടത്തേണ്ടത് അതാതു വ്യക്തികളുടെ ചുമതലയായിരിക്കെ ആയിനത്തിൽ തനതു ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർബന്ധമായും നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള ആശ്രയ പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. മാർക്കറ്റ് ശുചീകരണത്തിന് തനതു ഫണ്ട് ചെലവഴിക്കുന്ന സാഹചര്യത്തിൽ മാർക്കറ്റ് ലേലത്തിൽ ലേലത്തുകയ്ക്കു ആനുപാതികമായി സേവനനികുതി ഈടാക്കാവുന്നതാണ്. ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ശരിയായ പ്രവണതയല്ല.

പൊതുമരാമത്ത് പ്രവൃത്തിയ്ക്ക് കരാറുകാരിൽ നിന്നും പെർഫോർമൻസ് ഗ്യാരന്റി തുക ഈടാക്കേണ്ടതാണ്.

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 09.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 28.7.2017 | - | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | - | - |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി -4012666

വരവ് -48510381

ആകെ -52523047

ചെലവ് -47439178

നീക്കിബാക്കി -5083869

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി (RP 40 b |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ബാക്കി | തുക | തുക | തുക | പ്രകാരം) |
| വികസന ഫണ്ട് (ജനറൽ) | 0 | 11478178 | 11478178 | 11478178 | - |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 2798817 | 2798817 | 2798817 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6745753 | 6745753 | 6745753 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2484940 | 2484940 | 2484940 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5609356 | 5609356 | 5609356 | - |
| കെ.എൽ.ജി, എസ്.ഡി.പി. | 0 | 1864129 | 1864129 | 1864129 | - |

*വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ*

1. ആസ്തി സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

2. Excess of income over Expenditure ഹെഡിലെ 2015-16 ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പ് 27,76,247/- രൂപയാണ്. ഈ ഇനത്തിലെ 2016-17 ലെ മുന്നിരിപ്പ് 32,25,660.95/- രൂപയാണ്.

3. ജനറൽ ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പ് 3,16,852,494.50/- രൂപയാണ് 2016-17 ലെ മുന്നിരിപ്പ് 32,31,86,994/- രൂപയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 96 | 1881000 | 69 | 1405806 | | 27 | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 834570 | 889360 | 54790 |
| കെട്ടിട നികുതി | 670426 | 1447956 | 777530 |
| പരസ്യ നികുതി | - | - | - |
| ലേലം | 205000 | 210000 | 5000 |
| വാടക | 625004 | 699312 | 74308 |
| ഡി & ഒ ലൈസൻസ് | 38400 | 61200 | 22800 |
| മറ്റുവരവുകൾ | 210666 | 336953 | 126287 |
| ആകെ | 2628435 | 3644781 | 1016346 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 761640 | 540 |
| കർഷകതൊഴിലാളി പെൻഷൻ | 4874400 | 519 |
| വിധവാപെൻഷൻ | 13354600 | 1300 |
| വാർദ്ധക്യകാലപെൻഷൻ | 20420900 | 1960 |
| വികലാംഗപെൻഷൻ | 2337600 | 261 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം ( Above 50 Years) | 638200 | 64 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.05.2017 3.00മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5241 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ,തെരുവ് വിളക്ക് രജിസ്റ്റർ,തെരുവ് വിളക്ക് പരാതി രജിസ്റ്റർ എന്നിവ കാലികമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടി ഇട്ടിരിക്കുന്ന വസ്തുക്കളിൽ ഉപയോഗിക്കാൻ കഴിയുന്നവ ഉപയോഗയോഗ്യമാക്കേണ്ടതും അല്ലാത്തവ ലേലം ചെയ്ത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രിക പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2016 – 30.09.2016 | 01.08.16 – 31.08.16 | 27.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2011-14 | 30.12.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി കുടിശ്ശിക 15,89,654 രൂപയും തൻ വർഷ ഡിമാന്റ് 13,15,575 രൂപയും ചേർത്ത് ആകെ 29,05,229 രൂപ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്നു. എന്നാൽ 14,09,982 രൂപ (ആകെ ഡിമാന്റിന്റെ 49%) മാത്രമാണ് പിരിച്ചെടുത്തത്. വാർഡ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | പിരിച്ചെടുത്ത വസ്തു നികുതി (ശതമാനം) |
|---|---|
| 9മീളൂർ | 75% |
| 2 ആനച്ചൽ | 65% |
| 4 വാമനപുരം | 62% |
| 7കാഞ്ഞിരം പാറ | 55% |
| 15കളമച്ചൽ | 51% |
| 11 ഇരുളൂർ | 46% |
| 1- പന്നുവിള,5-കരുവയൽ | 44% |
| 8 കുറ്റിമൂട് ,3 വാഴ്വേലിക്കോണം | 43% |
| 14 ഈട്ടിമൂട് | 41% |
| 10- ളുങ്ങയിൽ | 35% |
| 13മേലാറ്റുമൂഴി | 32% |
| 6 ആനാകുടി | 31% |
| 12- പൂവത്തൂർ | 23% |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ 2013-14 സാമ്പത്തിക വർഷം മുതലുള്ള നികുതി പിരിച്ചെടുക്കേണ്ടതുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതും വസ്തു നികുതി കുടിശ്ശിക പൂർണമായും പിരിച്ചെടുക്കേണ്ടതുമാണ്.

## 2-2 ലേലം- അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം മാർക്കറ്റിന്റെ ഗേറ്റ് ഫീസ്, തറവാടക എന്നിവ പിരിക്കുന്നതിനുള്ള അവകാശം 3,30,000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ലേലതുക സാമ്പത്തിക വർഷത്തിൽ തന്നെ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ലേല നടപടികളിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. ലേലതുകയുടെ 1/3 തുക ലേലം നടന്ന ദിവസമായ 29.03.2016ന് ഒടുക്ക് വരുത്തിയിട്ടുണ്ട്. ബാക്കി തുകകൾ രണ്ട് ഗഡുക്കളായി 2015ജൂലൈ, 2015സെപ്റ്റംബർ (ലേല തീയതിക്ക് മുൻപുള്ള തീയതി)ന് മുൻപായി ഒടുക്ക് വരുത്തുവനും ആയതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം 18 $^1/_2$ ശതമാനം പിഴ പലിശ ഈടാക്കുന്നതാണെന്ന് ലേലനിബന്ധനയിൽ പറഞ്ഞിട്ടുണ്ട്. അവസാന ഗഡു 12.1.2017നാണ് ഒടുക്ക് വരുത്തിയത്. ആയതിന് ലഭിക്കേണ്ട പിഴ പലിശ ഈടാക്കിയിട്ടില്ല. കൂടാകെ പഞ്ചായത്ത് കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പിഴ പലിശ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ പലിശ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വാമനപുരം മാർക്കറ്റിന്റെ ഗേറ്റ് ഫീസ്, തറവാടക എന്നിവ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയിട്ടുണ്ടങ്കിലും മാർക്കറ്റിന്റെ ശുചിത്വപരിപാലനം , ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവ പഞ്ചായത്ത് ഒരുക്കിക്കൊടുക്കുന്നുണ്ട്. ആയതിലേയ്ക്കായി കരാറുകാരനിൽ നിന്നും ലേലതുകയ്ക്ക് ആനുപാതികമായി സേവനനികുതി ഈടാക്കാവുന്നതാണ്.

ലേല നിബന്ധന പ്രകാരം 2% ആദായ നികുതി ഒടുക്കുവാൻ നിബന്ധന വെച്ചിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

## 2-3 ഷോപ്പിംഗ് കോംപ്ലക്സുകളുടെയും മാർക്കറ്റ് സ്റ്റാളുകളുടെയും വാടക-

1. വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല

വിവിധ ഇനങ്ങളിലെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 19 കടമുറികളിൽ നിന്നും 17മാർക്കറ്റ് സ്ററാളുകളിൽ നിന്നുമായി വാടകയിനത്തിൽ പഞ്ചായത്തിന് വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ രണ്ട് കടമുറികളിലെയും രണ്ട് മാർക്കറ്റ് സ്റ്റാളുകളിലെയും വാടക്കാരുമായി മാത്രമാണ് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ളത്. മറ്റ് കടമുറികളുടെ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6ക്ക് ലഭിച്ച മറുപടി പ്രകാരം വാടകക്കാരിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങി വാടകക്കാരന്റെ ഒപ്പു രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടന്നും ഉടമ്പടി വ്യവസ്ഥകൾ രേഖപ്പെടുത്തി മുദ്രപത്രങ്ങൾ ആധികാരികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കടമുറികൾ വാടകക്ക് നൽകുന്നതിനോടൊപ്പം തന്നെ പഞ്ചായത്തധികൃതർ വാടകക്കാരുമായി കരാറിലേർപ്പെടേണ്ടതാണ് .

2. വാടക നിരക്ക് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്

ഒരേ ഷോപ്പിംഗ് കോംപ്ലക്സിലെ അടുത്തടുത്ത കടമുറികൾക്ക് ഈടാക്കുന്ന വാടകയിൽ ആയിരം രൂപയിലധികം വ്യത്യാസം ഉള്ളതായി കാണുന്നു.

ഉദാ.

| കടമുറി നമ്പർ | വാടക |
|---|---|
| NSC1 | 820 |
| NSC 2 | 3520 |
| NSC 14 | 550 |
| NSC 13 | 1550 |

| | |
|---|---|
| NSC 12 | 2459 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6 ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല. വാടകക്കാരിൽ നിന്നും 200/- രൂപയുടെ മുദ്രപത്രം വാടകക്കാരന്റെ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും ഉടമ്പടി വ്യവസ്ഥകൾ രേഖപ്പെടുത്തി മുദ്രപത്രങ്ങൾ ആധികാരികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കടമുറികൾ വാടകക്ക് നൽകുന്നതിനോടൊപ്പം തന്നെ പഞ്ചായത്തധികൃതർ വാടകക്കാരുമായി കരാറിലേർപ്പെടേണ്ടതാണ് . കൂടാതെ എം.സി.റോഡിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് കുറഞ്ഞ നിരക്കിൽ വാടക നിരക്ക് ഈടാക്കി വരുന്നത് അംഗീകരിക്കാവുന്നതല്ല. ഷോപ്പിംഗ് കോപ്ലക്സ് വാടകയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

## 2-4 വാറ്റ്, വനവികസന നികുതി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

വിവിധ മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട് വാറ്റ്, വനവികസന നികുതി ഇനത്തിൽ പിരിച്ചെടുത്ത നികുതി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല ഇനം | വാറ്റ് | വന വികസന നികുതി |
|---|---|---|---|
| 1 | വാമനപുരം ആനച്ചാൽ -ഗുൽമോഹർ മരം ലേലം-ലേല തുക-8700 | 1262 | 435 |
| 2 | വാമനപുരം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ട്- പാല മരം (ലേല തുക-28500) | 4133 | 1425 |
| 3 | വാമനപുരം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ട്- മാവ് (ലേല തുക-20550) | 2980 | 1028 |
| | | 8375 | 2888 |

## 2-5 സേവന നികുതി

1. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല

2011കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനനികുതിയും സർചാർജ്ജ്) ചട്ടങ്ങളിലെ 30-ാം വകുപ്പനുസരിച്ച് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തു നികുതി ഉൾപ്പെടെയുള്ള നികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് മുതലായവയ്ക്ക് സർവീസ് ചാർജ്ജ് ഈടാക്കേണ്ടതാണ്. എന്നാൽ വാമനപുരം പഞ്ചായത്ത് പരിധിയിലുള്ള പോസ്റ്റ് ഓഫീസ് കെട്ടിടം, ബി.എസ്.എൻ.എൽ കെട്ടിടം എന്നിവയ്ക്ക് സർവീസ് ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. താരതമ്യേനെ തനത് വരുമാനം കുറവായ പഞ്ചായത്തിൽ വരവ് സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന്മേൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു

## 2-6 ഡി & ഒ ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (ഡി & ഒ ലൈസൻസ് നൽകൽ ചട്ടങ്ങൾ ) ചട്ടം 10-പ്രകാരം സാമ്പത്തിക വർഷാരംഭത്തിന് മുൻപ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ് പുതുക്കേണ്ടതാണ്. എന്നാൽ വാമനപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും കാലതാമസം കൂടാതെ ലൈസൻസ് പുതുക്കുന്നില്ല. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-7 തൊഴിൽ നികുതി

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ക്ഷീര സഹകരണ സൊസൈറ്റിയിൽ നിന്നും നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിലെ എല്ലാ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിലുള്ള സെയിൽ ടാക്സ് രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, സർവ്വീസ് സ്റ്റേഷനുകൾ കരാറുകാർ

സ്റ്റാർഹോട്ടലുകൾ എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടെ, സ്ഥാപന നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. ഗവ. യു.പി.എസ്. ആനാകുടി എന്ന സ്ഥാപനത്തിലെ ജീവനക്കാരിയായ രജിത ലക്ഷ്മിയുടെ 2016-17ഒന്നാം അർദ്ധവർഷത്തെ വരുമാനം 126360 ( Basic Pay+DA) ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടിയാരിയിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ 1250 രൂപയ്ക്ക് പകരം 1000 രൂപയാണ് ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. അർദ്ധവർഷത്തെ വരുമാന പത്രികയിൽ ഉത്സവ ബത്ത ഡി.എ അരിയർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് പഞ്ചായത്തധികൃതർ ഉറപ്പുവരുത്തുന്നില്ല.

ഉദാ. ഗവ..യു.പി.എസ്.ആനച്ചൽ

ഗവ.യു.പി.എസ്.വാമനപുരം

## 2-8 പരസ്യ നികുതി

പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും പരസ്യ നികുതി ഈടാക്കുന്നതിനായി പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 28.09.2016 ലെ v -7 നമ്പർ തീരുമാന പ്രകാരം കരട് ബൈലോ പാസ്സാക്കിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബൈലോ പാസ്സാക്കി പരസ്യനികുതി ഈടാക്കുന്നതിനായി സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെർഫോമൻസ് സെക്യൂരിറ്റി ഗ്യാരന്റി ഈടാക്കിയതിൽ 1,19,213 രൂപയുടെ കുറവ് : സർവ്വീസ് ടാക്സ് അടയ്ക്കാതെ ബിൽ തുക അനുവദിച്ചു.

പ്രോജക്ട് നം - 94/16-17
പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് ഓഫീസ് നവീകരണം
അളവ് പുസ്തകം - 131/16-17
കരാറുകാരൻ - മുഹമ്മദ് യൂസഫ്
അടങ്കൽ - 2344548(world bank)
ബിൽ നം - 27/16-17

അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ടിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് 17,58,689/- (24.98 below) രൂപയ്ക്ക് ഇലവിൻ ഗ്രൂപ്പിന്റെ മുഹമ്മദ് യൂസഫാണ്. ഈ ടെണ്ടർ കമ്മിറ്റി അംഗീകരിയ്ക്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. കരാറുകാരനിൽ നിന്നും എസ്റ്റിമേറ്റ് തുകയുടെ 14.98% തുക പെർഫോർൻസ് ഗ്യാരന്റി വാങ്ങണമായിരുന്നു. ഇത് 3,51,213/- രൂപയാണ്. എന്നാൽ 2,32,000/- മാത്രമാണ് പെർഫോർൻസ് ഗ്യാരന്റി ഈടാക്കിയത്. ഇവിടെ 1,19,213/- രൂപയുടെ കുറവാണ് സംഭവിച്ചത്. ടെണ്ടർ കുറവ് 10 ശതമാനത്തിന് മുകളിലാകുന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാണ് ഇപ്രകാരം തുക സ്വീകരിക്കുന്നത്. ഈ നടപടിക്രമം ഇവിടെ പാലിക്കപ്പെട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആകെ പ്രവൃത്തി മൂല്യമായ 17,58,612/- രൂപയുടെ 6ശതമാനമായ 1,05,517/- രൂപ കരാറുകാരന് സർവ്വീസ് ടാക്സായി ബില്ലിൽ അനുവദിയ്ക്കേണ്ടത് ടാക്സ് ഒടുക്കിയ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ്. എന്നാൽ സർവ്വീസ് ടാക്സ് ഒടുക്കിയ രേഖകൾ ഹാജരാക്കാതെ തന്നെ കരാറുകാരന് പ്രവൃത്തി മൂല്യത്തിന്റെ 6 ശതമാനം ഉൾപ്പെടുന്ന ബിൽ തുക അനുവദിക്കുകയുണ്ടായി. കരാറുകാരൻ സർവ്വീസ് ടാക്സ് ഒടുക്കിയത് സംബന്ധിച്ച രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതികൾ കുറവ് ചെയ്തില്ല - ഓഡിറ്റ് നിർദ്ദേശം പാലിച്ച് അധികം പിൻവലിച്ച തുക തിരിച്ചടച്ചു.

പ്രോജക്ട് നം - 101/16-17
പ്രോജക്ടിന്റെ പേര് - മേലാറ്റുമൂഴി സ്കൂൾ അറ്റകുറ്റപ്പണി
അളവ് പുസ്തകം - 410/15-16
കൺവീനർ - രാജു.സി,ഹെഡ് മാസ്റ്റർ
അടങ്കൽ - 201834(MF-NR)
ബിൽ നം - 31/16-17

അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം നിർവ്വഹണം നടത്തിയ മേലാറ്റുമൂഴി സ്കൂൾ അറ്റകുറ്റപ്പണി എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃസമിതി കൺവീനർക്ക് അനുവദിച്ച ബിൽ തുകയിൽ നിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്തില്ല. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 29.12.2016 No. DB3-6512(b)/2013/ CE/ LSGD നംപർ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് ആവശ്യമുള്ള നികുതികൾ റേറ്റിനൊപ്പം ഉൾപ്പെടുത്തിയ 7.5 ശതമാനം ലാഭവിഹിതത്തിൽ നിന്നും കുറവ് ചെയ്യണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം -170055

വാറ്റ് -8503

ആദായ നികുതി -1701

ക്ഷേമനിധി വിഹിതം -1701

ആകെ നികുതി തുക -10203

എന്നാൽ കൺവീനർക്ക് ആകെ പ്രവൃത്തി മൂല്യമായ രൂപ അനുവദിക്കുകയും നികുതികൾക്ക് പ്രത്യേകം 10203/-രൂപ വകയിരുത്തുകയും ഇതുൾപ്പെടെ 1,80,258/-രൂപയുടെ ബിൽ തുക പിൻവലിക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് എൻക്വയറി ലൂടെ വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് കൺവീനർ അധികം കൈപ്പറ്റിയ തുക Recoveries of over payment എന്ന ഹെഡിൽ തിരിച്ചടച്ചിട്ടുണ്ട്. നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിലും അവ

സർക്കാരിലേക്ക് ഒടുക്കുന്നതിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-3 എസ്.എസ്.എ വിഹിതം -തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ എസ്.എസ്.എ വിഹിതം (പ്രോജക്ട് നം:07/17) ഒടുക്കുന്നതിനായി ബിൽ നം 07/17/ 17-11-16 പ്രകാരം 11,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. 08.02.2017 ൽ 03245 നം രസീത് പ്രകാരം ജില്ല പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾക്കൊപ്പം ഹാജരാക്കിയ ബജറ്റ് പ്രൊവിഷനിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :1/ 17.05.17) സേവനങ്ങൾ എല്ലാം ലഭ്യമായി എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ സേവനങ്ങളുടെ വിശദാംശം ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം: 9/20.05.17) ആയത് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 11,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

എസ്.എസ്.എയിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ലഭ്യമായ സേവനങ്ങളുടെ വിശദാംശവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 പിൻവലിച്ച മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കൃഷി ഓഫീസർ തൻവർഷം 564000 രൂപ പിൻവലിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം/ പേര് | ഫണ്ടിനം | ബിൽ നം : /തീയതി | തുക |
|---|---|---|---|---|
| 1 | S0015/സമഗ്ര നെൽകൃഷി വ്യാപനം | വി.ഫ.ജനറൽ | 01/2016-17 /30-01-2017<br>02/2016-17 /27-02-2017 | 122000<br>68500 |
| 2 | S0023/ജൈവ സമൃദ്ധി , ജൈവ പച്ചക്കറി | വി.ഫ.ജനറൽ | 03/2016-17/ 23-03-2017 | 238500 |
| 3 | S0098/മേലാറ്റുമൂഴി ഏലാ ജലസേചന പമ്പ്സെറ്റ് സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും. | വി.ഫ.ജനറൽ | 04/2016-17/ 29-03-2017 | 135000 |

ഇതിൽ 4,29,000രൂപയും കൃഷി ഓഫീസറുടെ എസ്.ബി.ടി അക്കൗണ്ടിലാണ് നിക്ഷേപിച്ചത് (നം.57056655417). ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 02-05-2017ലെ നീക്കിയിരിപ്പ് 1,28,711/- രൂപയാണ്.

ഹാജരാക്കിയ രേഖകൾ പ്രകാരം പിൻവലിച്ച മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷി ഓഫീസറുടെ അക്കൗണ്ടിൽ 1.04.16 മുതൽ 31.03.17 വരെയുള്ള കാലയളവിൽ വരവ് വന്ന തുകയുടെയും ചെലവഴിച്ച തുകകയുടെയും വിശദാംശം (ഗ്രാമപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം) ഇനം തിരിച്ച് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:18/23.05.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ പ്രോജക്ട് നിർവ്വഹണത്തിനായി കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 4,29,000/-രൂപ തടസ്സപ്പെടുത്തുന്നു. 2016-17 സാമ്പത്തിക വർഷം 57056655417-ാം നം അക്കൗണ്ടിൽ നിക്ഷേപിച്ചതും പിൻവലിച്ചതുമായ മുഴുവൻ തുകയുടെയും വിശദാംശം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വിവിധ പ്രോജക്ടുകൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണം | പ്രോജക്ട് നമ്പർ-പേര് | അടങ്കൽ തുക (ഫണ്ടിനം) | ചെലവ് തുക | ബിൽ നം:/ചെക്ക് നം:/തീയതി | അപാകം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 18/17 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | 891119<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 891119 | 23/28-02-17 | പൂർത്തീകരണ സാക്ഷ്യപത്രം<br>ഹാജരാക്കിയില്ല |
| 2. | സെക്രട്ടറി | 12/12 (E-ഗവേണൻസ്) | 250000<br>(വികസന ഫണ്ട്-ജനറൽ) | 127135 | 19/20-02-17,<br>32/27-03-17,<br>35/30-03-17 | 58875 രൂപ സ്കാനർ-പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് നൽകി. ഉപകരണങ്ങൾ ലഭ്യമായിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3. | വെറ്ററിനറി സർജൻ | 5/17(എ.ബി.സി പ്രോഗ്രാം ഫോർ സ്ട്രീറ്റ് ഡോഗ്സ് ) | 100000/- (തനത് ഫണ്ട് ) | 100000/- | 8108638/21.03.17 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | സെക്രട്ടറി | - | കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന് ബ്രയിൻ പ്രസ്സ് വാങ്ങുന്നതിന് 2000/- ( തനത് ഫണ്ട് ) | 2000 | 51601041/ 07.02.2017 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| ആകെ | | | | 1120254 | | |

വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു

വൗച്ചർ നം. 51600253/21.6.16 പ്രകാരം പുതുതായി വാങ്ങിയ ഫർണിച്ചറുകൾക്ക് നം നൽകിയ ഇനത്തിൽ 1200/- രൂപ ചെലവഴിച്ചതിനാൽ ഏത് പ്രോജക്ടു പ്രകാരം വാങ്ങിയ ഫർണിച്ചറുകൾക്കാണ് നം നൽകിയത് എന്ന ഓഡിറ്റ് എൻക്വയറി നം 4ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് നം. 70 പ്രകാരം ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ, പ്രോജക്ടു നം. 68/16 പ്രകാരം പഞ്ചായത്തുകൾക്ക് ഫർണിച്ചർ വാങ്ങൽ എന്നിവ പ്രകാരം വാങ്ങിയവയ്ക്കാണ് നം നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾക്കായി വാങ്ങിയ ഫർണിച്ചറുകൾ, എൽ.ഇ.ഡി ലൈറ്റുകൾ, ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ എന്നിവ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു സമീപത്തുള്ള നിലവിൽ പ്രവർത്തിക്കാത്ത കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി 22-05-17 ൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തി. പ്രോജക്ട് നമ്പർ 170/16-17 പ്രകാരം ഗ്രാമകേന്ദ്രങ്ങൾക്കായി വാങ്ങിയ ഇരുപത് സ്റ്റീൽ അലമാരകളിൽ മൂന്ന് എണ്ണം മാത്രമേ വിതരണം നടത്തിയ തായി രജിസ്റ്ററിൽ കാണുന്നുള്ളൂ. എസ്-ടൈപ്പ് കസേര 17 എണ്ണം വാങ്ങിയതിൽ 3 nos, പ്ലാസ്റ്റിക് കസേര 30 എണ്ണത്തിൽ 6 എണ്ണം എന്നിവ മാത്രമേ വിതരണം നടത്തിയതായി കാണുന്നുള്ളൂ. സ്റ്റോക്ക് /വിതരണ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ രജിസ്റ്ററിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17 ന് ലഭ്യമാക്കിയ മറുപടിയിൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്ന ഘട്ടത്തിൽ ഓരോ ഘടകസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ വിതരണം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്റ്റോക്ക് /വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്ത ഫർണിച്ചറുകളുടെ എണ്ണം കണക്കാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും പദ്ധതിപ്പണം ഉപയോഗിച്ച് വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗയോഗ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 896100 രൂപ ചെലവഴിച്ച് വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടായിരുന്ന തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം :SO017/17

അടങ്കൽ തു :900000/- രൂപ

ചെലവ് തുക :896100/- രൂപ

ബിൽ നം/തീയതി :25/10.03.17(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) :34/27.03.17

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. പ്രോജക്റ്റ് പ്രകാരം 896100/-രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും 174 LEDകൾ വാങ്ങിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെയുള്ള തുകയാണ് കെൽട്രോണിന് നൽകിയത്. നിലവിൽ പ്രസ്തുത എൽ.ഇ.ഡി വിളക്കുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 01/17-05-17) വിളക്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് അടിയന്തിരമായി സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടിനായി ചെലവഴിച്ച 896100 രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ-മുഴുവൻ സാധനങ്ങളും ലഭിക്കുന്നതിന് മുൻപ് തുക നൽകി

വാമനപുരം ഗ്രാമ പഞ്ചായത്തിൽ ഐ.സി.ഡി.എസ്.നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 നടപ്പാക്കിയ പദ്ധതിയാണ് അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - 40/16-17-അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ

അടങ്കൽ - 391000(വികസന ഫണ്ട് -ജനറൽ)

ചെലവ് - 391000

ബിൽ നം - 08/16-17

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 23 baby ducks, 23 three way rocker, 23 rope type swing, 47 baby cycles, 18 basket ball toy adjustable type, 23 toy car എന്നിവ വാങ്ങാനാണ് തുക ചെലവഴിച്ചത്. ഇവയ്ക്കായി 391000/- രൂപ ക്വട്ടേഷൻ അംഗീകരിച്ച നൽകിയ ഗ്രേസ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 29.03.17ന് ക്രെഡിറ്റ് ചെയ്ത നൽകി. എന്നാൽ 23 bay ducks, 23 three way rocker, 18 basket ball toy adjustable type എന്നിവ ഓഡിറ്റ് തീയതി വരെയും (18.05.2017) ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/16-17 തീയതി 19.06.17) നൽകിയ മറുപടിയിൽ ഇവ ലഭിച്ചാലുടൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് നൽകുന്നതാണെന്ന് മറുപടി നൽകി. ധനവിനിയോഗ മാർഗ്ഗരേഖ ജി.ഒ (പി) 177/2006/ധന തീയതി 12.04.2006 ഖണ്ഡിക 6-1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടുള്ളതല്ല.

## 3-9 ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്റ്റിൽ മാറ്റം വരുത്തി നിർവ്വഹണം നടത്തി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടായിരുന്ന പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ - 28/16-17പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ - 400000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് - 400000

ബിൽ നം - 01/16-17, 02/16-17, 07/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

----- പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങാനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചതും ഡി.പി.സി അംഗീകാരം ലഭിച്ചതും. എന്നാൽ ആശുപത്രിക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ആവശ്യാനുസരണം മരുന്ന് ലഭ്യമായതിനാൽ പ്രസ്തുത പ്രോജക്റ്റിൽ നിന്നും 2,00,000 രൂപ ചെലവഴിച്ച് പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങാൻ അനുമതി നൽകണമെന്ന മെഡിക്കൽ ഓഫീസറുടെ അപേക്ഷ 13.02.2017 ലെ ഭരണ സമിതി അംഗീകരിച്ച I(8) നം തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ ബിൽ നം 07/16-17 തീയതി 14.03.17 പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച തുക ഉപയോഗിച്ച് വാങ്ങിയ മരുന്നുകൾ പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി നൽകി. ഇപ്രകാരം ഡി.പി.സി അംഗീകാരം ലഭിച്ച പ്രവൃത്തിയുടെ നിർവ്വഹണത്തിൽ മാറ്റം വരുത്തേണ്ട പക്ഷം പ്രോജക്റ്റ് റിവൈസ് ചെയ്യേണ്ടതും ഡി.പി.സി അപ്രൂവൽ വാങ്ങേണ്ടതുമാണ്. മുൻവർഷങ്ങളിലും ഇതേ അപാകം സംഭവിച്ചിട്ടുണ്ട്. മതിയായ ആസൂത്രണം ഇല്ലാതെയും ആവശ്യകത വിലയിരുത്താതെയും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇത് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും ഫണ്ട് വിനിയോഗ മാർഗ്ഗരേഖയ്ക്കും വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19.06.17) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-10 ബി.പി. എൽ കാർഡുടമകൾക്ക് ഇൻസെൻറീവ് വിതരണം- വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചിട്ടില്ല

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയുള്ള ബി.പി. എൽ കാർഡുടമകൾക്ക് കാർഡൊന്നിന് 150/- രൂപ ഇൻസെൻറീവ് നൽകുന്നതിന് 135150/- രൂപ 19.3.2015ൽ ലഭിച്ചിട്ടുണ്ട്. എന്നാൽ തുക മുഴവനും വിനിയോഗിച്ച് റിപ്പോർട്ട് നൽകാത്തതിനാൽ 15.6.2016ൽ ജില്ലാകളക്ടർ A6/41655/14 നം ഓർമ്മക്കുറിപ്പ് പ്രകാരം 20.6.2016, 3 മണിക്ക് മുൻപായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതു വരെ തുക പൂർണ്ണമായി വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2 ന് ലഭ്യമാക്കിയ മറുപടിയിൽ 292 പേർക്ക് 43,800/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറുകളിലെ തെറ്റ് കാരണമാണ് മുഴവൻ പേർക്കും തുക നൽകാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. വാർഡ് മെമ്പർമാർ മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ ശേഖരിച്ച പരിശോധന നടത്തി വരികയാണെന്നും യഥാർത്ഥ അക്കൗണ്ടുകളിലേയ്ക്ക് തുക നൽകിയ ശേഷം തുക തിരിച്ചടവ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരിച്ചടയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 കുടി വെള്ള പദ്ധതികൾ -കാര്യക്ഷമമല്ല

പഞ്ചായത്ത് പരിധിയിൽ ആകെയുള്ള 11 കുടി വെള്ള സ്കീമുകളിൽ ജനറൽവിഭാഗത്തിൽ 5 ഉം എസ്. സി വിഭാഗത്തിൽ 6 ഉം എണ്ണമാണുള്ളത്. ഇതിൽ എസ്.സി വിഭാഗത്തിലെ 6 കുടിവെള്ള പദ്ധതികൾ പഞ്ചായത്ത് നേരിട്ട് പ്രവർത്തിപ്പിക്കുന്നവയാണ്. പഞ്ചായത്ത് നേരിട്ട് പ്രവർത്തിപ്പിക്കുന്ന പൂവത്തൂർ പമ്പ് ഹൗസ്, ജനറൽ വിഭാഗത്തിൽപ്പെട്ട തെന്നൂർ കോളനി വാട്ടർ സപ്ലൈ എന്നിവ ഒരു വർഷമായി പ്രവർത്തനരഹിതമാണെന്ന് ജനവരി 2017ൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 10.1.2017ലെ തീ III(2) പ്രകാരം തെന്നൂർ കോളനി വാട്ടർ സപ്ലൈ , മേലാറ്റുമൂഴി അഗ്രികൾച്ചറൽ പർപ്പസ്, ആനച്ചൽ കോളനി വാട്ടർ സപ്ലൈ എന്നിവ രണ്ടു വർഷത്തിലേറെയായി പ്രവർത്തന രഹിതമായതിനാൽ തുടർന്ന് ബില്ലുകൾ ഒടുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം.1275/2009/തസ്വഭവ തീയതി 30.5.2009 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന സ്കീമുകൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതും ഇതിനകം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയ സ്കീമുകളുടെ നടത്തിപ്പ്, മെയിൻറനൻസ് ചെലവുകൾ എന്നി തദ്ദേശഭരണസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലാത്തതുമാണ്.

തെന്നൂർ കോളനി വാട്ടർ സപ്ലൈ, മേലാറ്റു മൂഴി അഗ്രികൾച്ചറൽ പർപ്പസ്, കാക്കക്കുന്ന് വാട്ടർ സപ്ലൈ, കുറക്കുന്ന് വാട്ടർ സപ്ളൈ, കളമച്ചൽ പമ്പ് ഹൗസ് എന്നിവ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയവയാണെന്ന് ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടുള്ള കുടിവെള്ളപദ്ധതികളുടെ വൈദ്യുതചാർജ്ജും തനത് ഫണ്ടിൽ നിന്നാണ് അടവാക്കിയിട്ടുള്ളതെന്ന് വൗച്ചർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് മേൽ ഉത്തരവിന് വിരുദ്ധമാണ്.

പ്രവർത്തിക്കാത്ത വാട്ടർ സപ്ളൈ യൂണിറ്റുകളുടെയും ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് അടച്ചത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സെക്രട്ടറി നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയിൽ 39,000/-രൂപ കുടിവെള്ള വിതരണത്തിനായി മാത്രം ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നവെന്ന് ഉറപ്പുവരുത്തിയിരുന്നുവെങ്കിൽ രൂക്ഷമായ കുടി വെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമാകുമായിരുന്നു. പഞ്ചായത്തിൻെറ പരിധിയിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ജനറൽ കമ്മിറ്റി മിനിട്സ്- തീരുമാനങ്ങളിൽ തുടർ നടപടിയില്ല

16.6.2017ലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം 7 പ്രകാരം ശ്രീ നടരാജൻ, മാടാംവീട്, ആനച്ചൽ എന്നയാളിന് വീട് മെയിൻറനൻസിന് നൽകിയ തുക വിനിയോഗിക്കാത്തതു സംബന്ധിച്ച ശ്രീ. വി. ബേബി, മാടാംവീട് നൽകിയ പരാതിയിൻമേൽ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ തന്നെ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-13 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ടിൻെറ പേര്- സാനിട്ടറി കക്കൂസ് നിർമ്മാണം -ശുചിത്വമിഷൻ
നം -SO016/17
അടങ്കൽ - 1311000(വികസനഫണ്ട്) + 2000000(ധനകാര്യകമ്മിഷൻ ഗ്രാൻറ്)
ബിൽ നം. -1/16-17/VEO/27.8.16 :1537500
2/16-17/VEO/31.8.16 :75000
3/16-17/VEO/6,9.16 :1311000
4/16-17/VEO/6.9.16 :379877
5/16-17/VEO/20.3.17 ; 7623

ആകെ 215 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം സാനിട്ടറി കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) നിർമ്മല, മാത്തിൽ കുന്നിൽ വീട്, മീളുർ, കല്ലറ പി.ഒ, രജനി, മുളവനവീട്, ഈട്ടിമൂട്, കരിംകുതിക്കര പി. ഒ, സുശീല, കൈലാസത്തുകുന്നിൽ, കരുവയൽ, വാമനപുരം എന്നീ ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയശേഷം (7500രൂപ) പണി പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

ബി) ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

സി) മൂന്ന് ഗുണഭോക്താക്കൾ രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ലെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻെറ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം മുഴുവൻ തുകയും ചെലവായതായി കാണിച്ചിരിക്കുന്നു. മുഴുവൻ തുകയും പിൻവലിച്ച് വി. ഇ.ഒയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് നൽകിയ മറുപടിയിൽ നേരിട്ടും രേഖാമൂലവും ജനപ്രതിനിധികൾ മുഖേനയും പണി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കളോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും പണി പൂർത്തീകരിക്കാത്തതിനാൽ അഡ്വാൻസ് ആയി നൽകിയ തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് ശുപാർശ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ O.D.F ആയി പ്രഖ്യാപിക്കുന്നതിന് ആണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതെന്നും ശുചിത്വമിഷൻ സർവ്വേയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്നും അടുത്ത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭയിൽ ടി പട്ടിക സാധൂകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി ഗുണഭോക്താക്കളെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഗുണഭോക്താക്കൾ കൈപറ്റിയിട്ടുള്ള ആദ്യ ഗഡു റിക്കവറി നടപടികളിലൂടെ തിരികെ ഈടാക്കേണ്ടതും ,വി.ഇ.ഒയുടെ അക്കൗണ്ടിൽ കിടക്കുന്ന മൂന്ന് ഗുണഭോക്താക്കളുടെ രണ്ടാം ഗഡുവിന്റെ തുക തിരികെ അടയ്ക്കേണ്ടതുമാണ്.

## 3-14 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

സമൂഹത്തിലെ ഏറ്റവും ദുർബലരും സഹായം ഏറ്റവും അധികം ആവശ്യമുള്ളവരുമായ ആശ്രയ ഗുണഭോക്താക്കൾക്കായി യാതൊരു പദ്ധതിയും പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

ആശ്രയ ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനായി 200000 രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് വച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികൾ നിർബന്ധമായും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-അവലോകനം

ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവപരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബലജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായി ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

വാമനപുരം ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം വരെ 4878 ജോബ്കാർഡുകൾ നൽകിയിട്ടുണ്ട്. ആകെ 7307 രജിസ്റ്റേർഡ് തൊഴിലാളികളിൽ 551പേർക്ക് മാത്രമാണ് 100 ദിവസത്തെ തൊഴിൽ നല്കിയിരിക്കുന്നത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതും എല്ലാ രജിസ്റ്റേർഡ് തൊഴിലാളികൾക്കും 100 തൊഴിൽ ദിനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-16 തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജിനത്തിൽ തൻവർഷം ശരാശരി 321420 രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 896100 രൂപയും അവയുടെ പരിപാലനത്തിനായി 127920 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് പ്രദേശത്തുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. കെ.എസ്.ഇ.ബി യിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് കറണ്ട് ചാർജ് ഒടുക്കുന്നത്. തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് അടിയന്തിരമായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും ഉപഭോഗത്തിന് അനുസൃതമായാണ് കറണ്ട് ചാർജ് ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 50000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 891119 | 891119 | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി | സ.ഉ(സാ)നം 207/2010 /എൽ.എസ്.ജി.ഡി | 12291000 | 5416400 | 3072962 | | 2343438 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

നിക്ഷേപത്തിന്റെ വിവരം

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം / ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 2011-12- | | ജനറൽ പി ഡി ചെക്കിൽ തിരിമറി നടത്തി . 775984/-രൂപ അപഹരിച്ചു. | ടി ഉദ്യോഗസ്ഥ സർവ്വീസിൽ നിന്നും വിരമിച്ചു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48519381 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47439178 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2649254 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 1100000 | ശ്രീ.വി.എസ്.അശോക്. എച്ച്.എം |
| 3.4 | 429000 | ശ്രീമതി.സുജ കൃഷി ഓഫീസർ |
| 3.5 | 1120254 | ശ്രീമതി.സൈമ.എസ് സെക്രട്ടറി |
| ആകെ | 2649254 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/282/2004 തീയതി 30.07.2014 | 11 | |
| 2001-02 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/445/2006 തീയതി 30.07.2014 | 10 | |
| 2002-03 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/626/2005 തീയതി 30.07.2014 | 11 | |
| 2003-04 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/175/2007 തീയതി 30.07.2014 | 8 | |
| 2004-05 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1189/2008 തീയതി 30.07.2014 | 18 | |
| 2005-06 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1190/2009 തീയതി 12.05.2010 | 13 | |
| 2006-07 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/282/2010 തീയതി 10.02.2011 | 12 | |

| | | | |
|---|---|---|---|
| 2007-08 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1130/2010 തീയതി 03.11.2010 | 8 | |
| 2008-09 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/929/2011 തീയതി 04.06.2011 | 13 | |
| 2009-10 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/2607/2011 തീയതി 27.03.2012 | 6 | |
| 2010-11 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1977/2012 തീയതി 17.12.2013 | 18 | |
| 2011-12 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/2108/2014 തീയതി 07.02.2014 | 10 | |
| 2012-13 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1074/2014 തീയതി 08.10.2014 | 12 | |
| 2014-15 | നമ്പർ.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/ 1231/2016 തീയതി 03.08.2016 | 13 | |
| 2015-16 | നമ്പർ.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2049/16 dtd: , 01.12.2016 | 22 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ. 19.8.2017*

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വക്കം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ആസ്തി സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
2. Excess of income over Expenditure ഹെഡിലെ 2015-16 ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പ് 2776247/- രൂപയാണ്. ഈ ഇനത്തിലെ 2016-17 ലെ മുന്നിരിപ്പ് 3225660.95/- രൂപയാണ്
3. ജനറൽ ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പ് 316852494.50/- രൂപയാണ് 2016-17 ലെ മുന്നിരിപ്പ് 323186994/- രൂപയാണ്

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്